<u>മി. സ്പീക്കർ</u>: റൂൾ 50 അനുസരിച്ച് ഇന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് ലഭിച്ചിട്ടുണ്ട്. സ്റ്റാറ്റ്യൂട്ടറി ട്രൈബ്യൂണലിലോ സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയിലോ കമ്മീഷനിലോ പരിഗണിക്കുന്ന ഒരു വിഷയം സംബന്ധിച്ച് അടിയന്തര പ്രമേയം അവതരിപ്പിക്കുവാൻ സാധാരണഗതിയിൽ അനുവദിക്കാൻ പാടില്ലായെന്ന് നിയമസഭാ ചട്ടം 53-ൽ അനുശാസിക്കുന്നുണ്ട്. എന്നാലും ചെയറിന്റെ പ്രത്യേകമായ വിവേചനാധികാരം ഉപയോഗിച്ച് ഇത് അവതരിപ്പിക്കാനുള്ള അവതരണാനുമതി നല്കുകയാണ്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): സർ, ചട്ടത്തിൽ ഭേദഗതി വരുത്താൻ ചെയറിന് വിവേചനാധികാരം ഉണ്ടോ? റൂളിംഗ് വേണം.

<u>മി. സ്പീക്കർ:</u> ചട്ടത്തിൽ ഞാൻ ഭേദഗതി വരുത്തിയില്ല. (..... ബഹളം......) ബഹുമാനപ്പെട്ട മിനിസ്റ്റർ, ചട്ടത്തിൽ ഭേദഗതി വരുത്തിയല്ല ഞാൻ അനുവദിക്കുന്നത്. ചെയറിന്റെ പ്രത്യേക വിവേചനാധികാരം ഉപയോഗിച്ചാണ് അനുവദിക്കുന്നത്. (.....ബഹളം.....) പ്ലീസ്...... പ്ലീസ്... ഞാൻ അനുവദിക്കുകയല്ലേ; കോടതിയുടെയോ കമ്മീഷന്റെയോ മുമ്പിലിരിക്കുന്ന ഒരു പ്രശ്നം നിയമസഭയിൽ ചർച്ച ചെയ്യാൻ പാടില്ലായെന്നുള്ളത്

നമുക്കെല്ലാവർക്കുമറിയാം. അങ്ങനെയാണെങ്കിൽ നമുക്കിതിന് അവതരണാനുമതി കൊടുക്കാതിരിക്കാം. പക്ഷേ, ചെയർ അത് ചെയ്യുന്നില്ല. ഞാൻ പറഞ്ഞതുപോലെ പ്രത്യേക വിവേചനാധികാരം ഉപയോഗിച്ച് ചെയർ ഇത് അനുവദിക്കുകയാണ്.

<u>ശ്രീ. കെ. ശിവദാസൻ നായർ:</u> സർ, ഏതെങ്കിലും കോടതിയുടെയോ കമ്മീഷന്റെയോ മുമ്പിലിരിക്കുന്ന വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യാൻ പാടില്ലായെന്ന് ചട്ടം നിഷ്കർഷിക്കെ അങ്ങനെയൊരു ചട്ടത്തിന് വിരുദ്ധമായി വിവേചനാധികാരം ഉപയോഗിക്കാൻ കഴിയുന്നത് എങ്ങനെയാണ്? ഓരോ പ്രൊവിസോയിലും ചട്ടത്തിനകത്തെ വ്യവസ്ഥയ്ക്ക് വിരുദ്ധമായി നമുക്ക് പ്രവർത്തിക്കാൻ കഴിയുമോ; എങ്ങനെയാണ് ഇത് അനുവദിക്കാൻ കഴിയുക? (.....ബഹളം.....).......... (മൈക്ക് ഓഫ്)....... അതിനെ സ്വാധീനിക്കാൻ ഇടയുണ്ട് എന്നുള്ളതുകൊണ്ടുതന്നെയാണ് ഈ ചട്ടം വന്നത്. ആ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി വിവേചനാധികാരം എങ്ങനെ ഉപയോഗിക്കാൻ കഴിയും? (.....ബഹളം.....)

<u>മി. സ്പീക്കർ:</u> എന്തായാലും ഇവിടെ ചർച്ച ചെയ്യാൻ പാടില്ലാത്ത വിഷയമാണെന്ന് ചെയർ തന്നെ വ്യക്തമാക്കി. എന്നാലും ചെയർ ഇത്

അനുവദിക്കുന്നു. യെസ്... യെസ്.... പ്ലീസ്.... പ്ലീസ്... ഇതിനെ ഒരു ചർച്ചയിലേയ്ക്ക് കൊണ്ടുപോകേണ്ട.

ശ്രീ. ഷിബു ബേബി ജോൺ: സർ, ഒരു കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ചെയറിന്റെ റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല. Residual powers (വിവേചനാധികാരം) ഏതിലാണെന്നുള്ളത്...... 314. ചട്ടങ്ങളിൽ പ്രത്യേകം പറഞ്ഞിട്ടില്ലാത്ത എല്ലാ സംഗതികളും ഈ ചട്ടങ്ങളുടെ വിശദമായ നിർവ്വഹണം സംബന്ധിക്കുന്ന എല്ലാ പ്രശ്നങ്ങളും സ്പീക്കർ അപ്പപ്പോൾ നിർദ്ദേശിക്കാവുന്ന വിധത്തിൽ ക്രമപ്പെടുത്തേണ്ടതാണ്. ചട്ടത്തിൽ പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു എന്നുമാത്രമേയുള്ളൂ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ചട്ടം 53-ൽ അവസാനം പറയുന്നത്, 'എന്നാൽ സ്റ്റാറ്റ്യൂട്ടറി ട്രൈബ്യൂണലോ സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയോ കമ്മീഷനോ അന്വേഷണ കോടതിയോ അങ്ങനെയുള്ള സംഗതി പരിഗണിക്കുന്നതിന് ഹാനികരമാകാൻ സാധ്യതയില്ലെന്ന് സ്പീക്കർക്ക് ബോധ്യം വരുന്നപക്ഷം അദ്ദേഹത്തിന് തന്റെ വിവേചനാധികാരം ഉപയോഗിച്ച് അന്വേഷണവിചാരണയുടെ നടപടിക്രമങ്ങളെയോ വിഷയത്തെയോ

അവസ്ഥയെയോ സംബന്ധിക്കുന്ന വിധത്തിലുള്ള സംഗതി സഭയിൽ ഉന്നയിക്കുന്നതിന് അനുമതി നല്കാവുന്നതാണ്.' ഇത് കമ്മീഷന്റെ മുമ്പിലിരിക്കുന്ന വിഷയമായതുകൊണ്ട് ചർച്ച ചെയ്യുമ്പോൾ അതിന്റെ പരിധിയ്ക്കകത്തുനിന്നുകൊണ്ടുവേണം സംസാരിക്കാനെന്ന് ആദ്യമേ ചെയർ ശ്രദ്ധയിൽപ്പെടുത്തുന്നു. (.....ബഹളം.....) അതാണ് ചെയർ ആദ്യം സൂചിപ്പിച്ചത്, ചർച്ച ചെയ്യാൻ പാടില്ലാത്ത ഒരു കാര്യത്തിനാണ് അനുവാദം നല്കുന്നത്. ഒരു പരിധിക്കകത്തുനിന്നുകൊണ്ടുമാത്രമേ സംസാരിക്കാവൂ എന്ന് ചെയർ ആദ്യമേ സൂചിപ്പിച്ചത് അതുകൊണ്ടാണ്.

ശ്രീ. സി. ദിവാകരൻ: സർ, സഭയിൽ ചർച്ച ചെയ്യാൻ പാടില്ലായെന്ന സമീപനം ശരിയല്ല. ചർച്ച ചെയ്യാം; അതിനകത്ത് യാതൊരു കുഴപ്പവുമില്ല.

മി. സ്പീക്കർ: ഈ വിഷയം നമ്മൾ ചർച്ചയ്ക്കെടുക്കുകയാണ്. പിന്നെ വിവാദത്തിലേയ്ക്ക് പോകണോ?

ശ്രീ. എസ്. ശർമ്മ: സർ, ഈ വിഷയത്തെക്കുറിച്ച് നടന്നിട്ടുള്ള ചർച്ചകൾ കൂടി കമ്മീഷന്റെ അന്വേഷണപരിധിയിൽ ബാധകമാക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മി. സ്പീക്കർ: യെസ്......... യെസ്........സമയം കളയണ്ട.